LIBRARY ARCHIVES Kerala Legislative Assembly

ടൂറിസം വികസിപ്പിക്കുന്നതിന് സ്വകാര്യ മേഖലയ്ക്ക് ഊന്നൽ

363 (1053) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടൂറിസം വികസിപ്പിക്കുന്നതിന് സ്വകാര്യ മേഖലക്ക് ഊന്നൽ നൽകി കൊണ്ടുള്ള എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ബി) ടൂറിസം മേഖലയിൽ നിക്ഷേപം നടത്തുന്ന സ്വകാര്യ സംരംഭകർക്ക് എന്തെല്ലാം ആനുകൂല്യങ്ങളാണ് നൽകുന്നതെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത സംരംഭകർക്ക് നൽകുന്ന വായ്പാപദ്ധതികൾ, സബ്സിഡി, ലക്ഷ്വറി ടാക്സ് ഇളവ് എന്നിവ ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ&ബി) ടൂറിസം വകുപ്പിന്റെ അംഗീകാരത്തോടുകൂടി പ്രവൃത്തിക്കുന്നതും വിനോദസഞ്ചാര പ്രവർത്തനങ്ങളെ പ്രോത്സാഹിപ്പിക്കുന്നതുമായ സ്വകാര്യ മേഖലയിലെ സ്ഥാപനങ്ങൾക്ക് റസിഡൻഷ്യൽ താരിഫ് നിരക്കിൽ വൈദ്യുതിയും വെള്ളവും KSEB, KWA എന്നീ വകുപ്പുകളുമായി സഹകരിച്ച് ലഭ്യമാക്കുന്നതിനുള്ള നിർദ്ദേശം പുതിയ ടൂറിസം നയത്തിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. കൂടാതെ യോഗ്യരായിട്ടുള്ള യൂണിറ്റുകൾക്ക് ഇലക്ട്രിസിറ്റി സബ്സിഡിയും ഇൻവെസ്റ്റ്മെന്റ് സബ്സിഡിയും നൽകിവരുന്നു.

(സി) സംസ്ഥാന ടൂറിസം വകുപ്പിന്റെ രണ്ട് തരത്തിലുള്ള സബ്സിഡി സ്കീമുകളാണ് നിലവിലുള്ളത്. ഇലക്ട്രിസിറ്റി സബ്സിഡിയും ഇൻവെസ്റ്റ്മെന്റ് സബ്സിഡിയും. എന്നാൽ വായ്പാപദ്ധതികൾ, ലക്ഷ്വറി ടാക്സ് ഇളവ് ഇവയൊന്നും വകുപ്പിന്റെ പരിധിയിൽപ്പെടുന്നതല്ല.

മാമ്പുഴ ടൂറിസം ഡെസ്റ്റിനേഷൻ

364 (1054) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോഴിക്കോട് ജില്ലയിലെ മാമ്പുഴ സംരക്ഷിച്ച് ടൂറിസം ഡെസ്റ്റിനേഷൻ ആക്കുന്നത് സംബന്ധിച്ച നിർദ്ദേശത്തിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ഉത്തരം

മാമ്പുഴ സംരക്ഷിച്ച് ടൂറിസം ഡെസ്റ്റിനേഷൻ ആക്കുന്നത് സംബന്ധിച്ച സാധ്യതാ പഠന റിപ്പോർട്ട് കോഴിക്കോട് ഡി.റ്റി.പി.സി. സമർപ്പിച്ചെങ്കിലും സ്ഥല ലഭ്യതയെകുറിച്ചുള്ള രേഖകൾ ലഭ്യമായിട്ടില്ല.